

# ലക്കും ലഗാനുമില്ലാതെ മദ്യമൊഴുകുന്നു

**കവർസ്റ്റോറി ● വി.ആർ രാജ്മോഹൻ**

**ഒരു ചില്ലിക്കാശ് പോലും പരസ്യം നൽകാതെ വൻ ലാഭമുണ്ടാക്കാൻ കഴിയുന്ന ബിസിനസ്സായി മാറിയിരിക്കുകയാണ് ഇന്ന് കേരളത്തിൽ മദ്യവ്യവസായം. വൻകിട അബ്കാരികളുടെ നേതൃത്വത്തിൽ സ്റ്റാർ ഹോട്ടലുകൾ കേന്ദ്രീകരിച്ചുള്ള കച്ചവടം പൊടിപൊടിക്കുമ്പോൾ സാധാരണ കച്ചവടങ്ങളിൽ ഏർപ്പെട്ടിരുന്ന ഇടത്തരം വ്യാപാരികൾ വരെ ഒറ്റക്കും കൂട്ടായും ഈ മേഖലയിൽ ചുവടുറപ്പിക്കുകയാണ്.**

**രണ്ട്** വർഷം മുമ്പുള്ള ക്രിസ്മസിന് മുന്നോടിയായി കർദിനാൾ വർക്കി വിതയത്തിൽ കൊച്ചിയിലെ പത്രപ്രവർത്തകരെ വിളിച്ചുചേർത്ത് നല്ലൊരു പ്രഖ്യാപനം നടത്തി. ഇത്തവണത്തെ ക്രിസ്മസ് ലഹരിവിമുക്തമാക്കാൻ എറണാകുളം അങ്കമാലി രൂപതകൾ സംയുക്തമായി തീരുമാനിച്ചുവെന്നായിരുന്നു പ്രഖ്യാപനം. എന്തുകൊണ്ടോ ക്രിസ്മസിന് ശേഷം ഈ പ്രഖ്യാപനത്തിന്റെ പ്രതികരണമെന്തായിരുന്നു എന്ന് വിശദീകരിക്കാൻ അദ്ദേഹം മറ്റൊരു പത്രസമ്മേളനം വിളിച്ചുചേർക്കാൻ ധൈര്യപ്പെട്ടില്ല. കാരണം അത്തവണയും ക്രിസ്മസ് 'ലഹരി'യിൽതന്നെ ആഘോഷിക്കപ്പെട്ടു. ലഹരിവിമുക്ത ക്രിസ്മസ് ആഹ്വാനം ചെയ്ത വൈദിക ശ്രേഷ്ഠർ തന്നെ അധികം വൈകാതെ മറൈൻ ഡ്രൈവിൽ വലിയൊരു സമുദായ സംഗമത്തിന് സാക്ഷിയാകാൻ എത്തിയിരുന്നു. ഈ സമുദായ സംഘടനയുടെ അധ്യക്ഷനാകട്ടെ അറിയപ്പെടുന്ന ഇന്ത്യൻ നിർമിത വിദേശ മദ്യ ഡിസ്റ്റിലറി ശൃംഖലയുടെ ഉടമയും!

മദ്യം വിഷമാണ്, അത് ഉണ്ടാക്കരുത്, വിൽക്കരുത്, കുടിക്കരുത് എന്ന് ആഹ്വാനം ചെയ്ത ശ്രീനാരായണഗുരുവിന്റെ നാമധേയത്തിൽ പ്രവർത്തിക്കുന്ന എസ്.എൻ.ഡി.പി യോഗത്തിന്റെ അമരക്കാരും മദ്യവ്യവസായത്തിൽ നേരിട്ട് ഇടപെടുന്നവരാണെന്ന് പറയുമ്പോൾ സാംസ്കാരിക കേരളത്തിന് ലജ്ജി

ക്കുകയേ നിർവാഹമുള്ളൂ.

മദ്യത്തെ പൂർണമായും വർജിക്കുന്ന സമുദായമെന്ന നിലയിൽ ഇസ്‌ലാം മതവിശ്വാസികൾ പൊതുവേ മദ്യവ്യവസായത്തിൽ ഏർപ്പെടുന്നതായി കേട്ടുകേൾവിയില്ല. എന്നാൽ, തിരുവനന്തപുരത്തെ ഒരു അബ്കാരി കോൺട്രാക്ടർ ഇതിനൊരപവാദമായി നിലകൊള്ളുന്നു. ബാർ ഹോട്ടലിലെ ബോർഡിൽ ലൈസൻസ് നമ്പറിനോടൊപ്പം ഇദ്ദേഹത്തിന്റെ പേര് തെളിഞ്ഞുകാണുന്നത് സമുദായ സ്നേഹികളെ നൊമ്പരപ്പെടുത്തുന്നു.

മലയാളികളുടെ ദേശീയോത്സവമായ ഓണത്തിന് കേരളീയർ കുടിച്ചുതീർക്കുന്ന മദ്യത്തിന്റെ കണക്കുകൾ മാധ്യമങ്ങൾക്ക് ഇന്ന് വാർത്തയല്ലാതായി. ഓണക്കാലത്ത് സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ബീവറേജസ് കോർപറേഷനിൽ 52 കോടിയിലേറെ രൂപയുടെ മദ്യവിൽപ്പന നടന്നുവെന്നത് ഞെട്ടിപ്പിക്കുന്ന ഒന്നാണ്. 1984-ൽ വെറും 55.5 കോടി രൂപയായിരുന്നു ബീവറേജസ് കോർപറേഷന്റെ വാർഷിക വിറ്റുവരവ്. ഇപ്പോഴത് 3200 കോടിയിലധികമായെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലോകത്ത് ഏറ്റവും ഉയർന്ന പ്രതിശീർഷ മദ്യ ഉപഭോഗമുള്ള പ്രദേശങ്ങളിലൊന്നാണ് കേരളമെന്ന് സമീപകാലത്ത് നടന്ന പഠനങ്ങൾ വിരൽചൂണ്ടുന്നു. 1986-ൽ മദ്യപരുടെ കുറഞ്ഞ പ്രായം 19 ആയിരുന്നുവെങ്കിൽ '94 ആയപ്പോഴേക്കും അത് 14 ആയി കുറഞ്ഞു. അടുത്തയിടെ എറണാകുളം നഗരത്തിലെ ഒരു സർക്കാർ പള്ളിക്കൂടത്തിലെ എട്ടാം ക്ലാസ് വിദ്യാർഥിയെ അവശനിലയിൽ ഗ്രൗണ്ടിൽ പോലീസ് കണ്ടെത്തുകയുണ്ടായി. കായികമേളകളിൽ മികച്ച നേട്ടം കൈവരിച്ചിട്ടുള്ള ഈ ബാലന്റെ സ്കൂൾ ബാഗിൽ നിന്നും മദ്യക്കുപ്പികളാണ് പോലീസിന് ലഭിച്ചത്. കുടുംബത്തിലെ അസ്വാരസ്യങ്ങൾ മൂലം സ്വന്തം പിതാവിനെപ്പോലെ ദുഃഖങ്ങൾ മറക്കാൻ മദ്യത്തിൽ അഭയം തേടിയ ഈ വിദ്യാർഥിയുടെ പേരിൽ കേസൊന്നുമെടുക്കാതെ അധ്യാപകരെ ഏൽപ്പിച്ച് പോലീസ് സംഭവത്തിൽനിന്ന് തലയൂരുകയായിരുന്നു.

കൊച്ചിയിലെ പ്രമുഖ ആശുപത്രിയുടെ ഡയറക്ടർമാരിൽ ഒരാളായ ഡോക്ടർ സ്വകാര്യ സംഭാഷണത്തിനിടയിൽ തങ്ങളുടെ ബിസിനസ് രഹസ്യം വെളിപ്പെടുത്തി. ശാരീരികവും മാനസികവുമായ രോഗങ്ങളാൽ ആശുപത്രിയിൽ എത്തുന്നവരിൽ സിംഹഭാഗവും മദ്യവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പറയാൻ അദ്ദേഹത്തിന് മടിയുണ്ടായില്ല. ഇക്കാരണത്താൽ തങ്ങൾ സർക്കാറിനോട് കടപ്പെട്ടിരിക്കുകയാണെന്ന ഒരു ക്രൂര ഫലിതവും പറഞ്ഞു ആശുപത്രി ഉടമ. ഇടതുവലതു ഭരണങ്ങൾ മാറിമാറി പരീക്ഷിക്കപ്പെടുന്ന കേരളത്തിൽ ഇരുമുന്നണികളും മദ്യനയത്തിന്റെ കാര്യം വരുമ്പോൾ തങ്ങളുടെ നിലപാടുകളിൽ വെള്ളം ചേർക്കുക പതിവാണ്. പ്രകടനപത്രികയിലെ പ്രഖ്യാപിത ലക്ഷ്യങ്ങളെ കാറ്റിൽപറത്തി അബ്കാരികൾക്കായി ചുവപ്പ് പരവതാനി വിരിക്കാൻ ഇവർ കിട്ടിയ അവസരം മത്സരിച്ച് പ്രയോജനപ്പെടുത്തുന്ന കാഴ്ചയാണ് കാണുന്നത്. എന്നിരുന്നാലും ഐക്യമുന്നണിയേക്കാൾ ഇടതുമുന്നണി ഇക്കാര്യത്തിൽ കാണിക്കുന്ന ഉദാരവത്കരണം ഭാവിതലമുറയെ തന്നെ ദുരന്തത്തിന്റെ ആഴക്കയങ്ങളിൽ തള്ളിയിടാൻ പോന്നതാണ്.

ഇ.കെ നായനാർ മുഖ്യമന്ത്രിയും ടി.കെ രാമകൃഷ്ണൻ എക്സൈസ് മന്ത്രിയുമായിരിക്കെ 1991 ഫെബ്രുവരി 27-ന് നിലവിൽ വന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് കേരളത്തിലെ ചില പ്രമുഖ ആഡംബര ക്ലബുകൾക്ക് മദ്യലൈസൻസ് നൽകാൻ തീരുമാനമായത്.

25 വർഷം പ്രവർത്തനപാരമ്പര്യമുള്ള ക്ലബുകൾക്ക് ഒരു ലക്ഷം രൂപ പ്രത്യേക ഫീസ് ഈടാക്കി വിദേശ മദ്യവിൽപ്പനക്കുള്ള ലൈസൻസ് നൽകാനായിരുന്നു തീരുമാനം. സ്ഥലത്തെ പ്രധാന ദിവ്യന്മാർ അംഗങ്ങളായുള്ള ഇത്തരം ക്ലബുകളിൽ പരസ്യമായ മദ്യപാനം പണ്ടേ പതിവുള്ളതാണ്. ഇതിന് സർക്കാർ ഉത്തരവിലൂടെ അംഗീകാരം നൽകുകയായിരുന്നു. 2003 ജൂലൈ ഒമ്പത് ആയപ്പോഴേക്കും ഇക്കാര്യത്തിൽ വീണ്ടും അയവ് വരുത്തി. 25 വർഷം എന്നുള്ളത് 10 വർഷമായി ചുരുങ്ങി. 100 സ്ഥിര അംഗങ്ങളുള്ള ക്ലബിന് സ്വന്തം പേരിൽ സ്ഥലവും കെട്ടിടവും അഞ്ച് വാടകക്ക് കൊടുക്കുന്ന മുറികളും നിർബന്ധമായിരുന്നു. കൂടാതെ ഈരണ്ട് ഔട്ട്ഡോർ ഇൻഡോർ ഗെയിമുകളും ഇവിടെ ഉണ്ടായിരിക്കണം. അംഗത്തിന് ഭക്ഷണത്തോടൊപ്പം മദ്യം നൽകാമെന്നും അതിഥിയെ കൊണ്ടുവരികയാണെങ്കിൽ ഒപ്പം അംഗം വേണമെന്നും നിഷ്കർഷിച്ചിരുന്നു. 1998 മാർച്ച് അഞ്ചിന് നായനാർ തന്നെ മുഖ്യമന്ത്രിയും ശിവദാസമേനോൻ എക്സൈസ് മന്ത്രിയുമായിരിക്കെ ഇക്കാര്യങ്ങൾ വീണ്ടും അയഞ്ഞു. വിവാഹം പോലുള്ള ചടങ്ങുകളിൽ മദ്യം വിളമ്പാൻ പാടില്ലെന്ന ഒമ്പതാമത്തെ ക്ലോസ് എടുത്തുകളഞ്ഞു. ഇപ്പോഴത് വിവാഹത്തിൽ മാത്രമല്ല വിവാഹ വാർഷിക ചടങ്ങുകൾക്കും എന്തിനേറെ പറയുന്നു കുഞ്ഞുങ്ങളുടെ പിറന്നാളിന്റെ പേരിൽ നടത്തുന്ന കൂത്താട്ടങ്ങൾക്കും ഒക്കെ മദ്യസൽക്കാരം നടത്താനുള്ള വേദിയായി ജീവകാരുണ്യ പ്രവർത്തനത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇത്തരം ക്ലബുകൾ മാറിയിരിക്കുകയാണ്.

സംസ്ഥാനത്തെ ഇത്തരത്തിലുള്ള 18 കോർപറേറ്റ് ക്ലബുകൾ കൈവശപ്പെടുത്തിയ വിദേശ മദ്യവിൽപ്പനക്കുള്ള ഫോർ എ ലൈസൻസ് എല്ലാ നിയമങ്ങളും ചട്ടങ്ങളും സമർഥമായി മറികടന്നു കൊണ്ടാണെന്ന് തെളിയുന്നു. ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഇത്തരം സ്ഥാപനങ്ങൾ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേര് പറഞ്ഞ് അധാർമിക പ്രവൃത്തികളാണ് നടത്തുന്നത്.

കോഴിക്കോട്ടെ കോസ്മോപൊളിറ്റൻ, എക്സ്ക്ലൂസീവ്, തൃശൂരിലെ ബാനർജി, റീജൻസി, അക്വാട്ടിക്, എറണാകുളത്തെ സെഞ്ചുറി, ലോട്ടസ്, രാമവർമ, ആലുവയിലെ പെരിയാർ, കൊച്ചിൻ യാച്, മൂവ്വാറ്റുപുഴയിലെ മൂവ്വാറ്റുപുഴ, ശ്രീമൂലം യൂനിയൻ, സബർബൻ, തിരുവനന്തപുരത്തെ ശ്രീമൂലം, ട്രിവാൻഡ്രം, ട്രിവാൻഡ്രം ടെന്നീസ്, മന്നം മെമ്മോറിയൽ നാഷണൽ, ട്രിവാൻഡ്രം ഗോൾഫ് എന്നീ ക്ലബുകളിലെ ബാർ ലൈസൻസ് ഇത്തരത്തിൽ നേടിയെടുത്തതാണ്.

ടൂറിസത്തിന്റെ മറവിലാണ് സംസ്ഥാനത്തെ ഹോട്ടലുകളിൽ പരസ്യമായി മദ്യവിൽപ്പന നടക്കുന്നത്. സ്കോച്ച് വിസ്കിയുടെ നാട്ടിൽനിന്നുവരുന്ന വിദേശിക്ക് കേരളത്തിലെ ഗുണനിലവാരം കുറഞ്ഞ മദ്യം ഒരുകാരണവശാലും ഇഷ്ടമാകില്ലെന്നിരിക്കെ സാധാരണ മല

യാളിയെ പിഴിയാൻ തന്നെയാണ് കൂണ് കണക്കെ മുളച്ചുപൊന്തുന്ന സ്റ്റാർ ഹോട്ടലുകളെന്ന് വ്യക്തം. ഇവിടങ്ങളിലൊന്നും വിദേശ- ആഭ്യന്തര ടൂറിസ്റ്റുകളൊന്നും തന്നെ വരാറില്ലെന്നതാണ് യാഥാർഥ്യം. ഇത്തരത്തിൽ പ്രവർത്തിക്കുന്ന 418 ബാർ അറ്റാച്ച്ഡ് ഹോട്ടലുകൾ നിയമങ്ങൾ ലംഘിക്കുന്നവയായിരുന്നു. എന്നാൽ, സർക്കാർതന്നെ ചില പഴുതുകളിലൂടെ ഇവക്ക് അംഗീകാരം നേടിക്കൊടുത്തു.

സംസ്ഥാന സർക്കാറിന്റെ ഉടമസ്ഥതയിലുള്ള ടൂറിസം ഡെവലപ്മെന്റ് കോർപറേഷൻ തന്നെ ബിയർ പാർലറുകൾ മുട്ടിന്മുട്ടിന് ആരംഭിക്കുന്ന കേരളത്തിൽ, യുവജനങ്ങളെ ലഹരിയിൽനിന്നും അകറ്റുക അത്ര എളുപ്പമല്ലെന്ന സ്ഥിതിയാണ്. കൊച്ചിയിലെ ചില ഹോട്ടലുകളിൽ മദ്യവിരുന്നിനോടൊപ്പം സ്ത്രീകളും പുരുഷന്മാരും ചേർന്നുള്ള നൃത്തപരിപാടികളും ആരംഭിച്ചിരുന്നു. എന്നാൽ, അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള വരുമാനം ഇതിന് ലഭിക്കാത്തതിനെതുടർന്ന് പലരും തൽക്കാലത്തേക്ക് പിന്മാറിയിരിക്കുകയാണ്. ആഗോള സാമ്പത്തിക മാന്ദ്യം സൃഷ്ടിച്ച പ്രതികൂല കാലാവസ്ഥ മുൻനിർത്തി സമീപകാലത്ത് ഇവ തിരിച്ചുവരാനുള്ള സാധ്യത വിരളമാണ്.

വൻ മദ്യദുരന്തങ്ങൾ ഇന്ന് കേരളത്തിൽ പൊതുവെ കുറവാണ്. ഇതിന് കാരണം ചാരായനിരോധം ആണെന്നത് ഒരു പരിധി വരെ ശരിയാണ്. എ.കെ ആന്റണി മുഖ്യമന്ത്രിയായിരിക്കെയാണ് ചാരായം നിരോധിച്ചത്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായി നടത്തിയ ഈ പ്രഖ്യാപനം വോട്ട് മുന്നിൽ കണ്ടാണെന്ന ആക്ഷേപം ഉയർന്നിരുന്നു. ഏതായാലും ചാരായനിരോധത്തിന്റെ മറവിൽ വൻതോതിൽ വില കുറഞ്ഞ ഇന്ത്യൻ നിർമിത വിദേശമദ്യം കേരള വിപണിയിൽ സുലഭമായിരിക്കുകയാണ്. ചാരായത്തിന്റെ ഗുണനിലവാരമുള്ള ഈ 'വിദേശമദ്യം' നിർമിക്കുക വഴി ഡിസ്റ്റിലറികൾ കോടികളാണ് സമ്പാദിക്കുന്നത്. ഘട്ടംഘട്ടമായി സമ്പൂർണ മദ്യനിരോധം നടപ്പിൽവരുത്തണമെന്ന പ്രമുഖ ഗാന്ധിയൻ അന്തരിച്ച എ.പി. ഉദയഭാനുവിന്റെ ദശകങ്ങൾക്ക് മുമ്പുള്ള കമീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പേരിനെങ്കിലും കേരളത്തിൽ നടപ്പാക്കപ്പെടുമെന്ന് കരുതാൻ യാതൊരു സാധ്യതയും കാണുന്നില്ല. ■